**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46** **08-10-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വ്യവസായ വികസനസാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി വ്യവസായ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഒരു സുപ്രധാന പദ്ധതിയായാണ് കണക്കാക്കപ്പെടുന്നത്, അതിന്റെ ശേഷി വിപുലമായ വ്യവസായ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമാവുന്നതാണ്. തുറമുഖത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താനായി വ്യവസായ മേഖലയിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വൻകിട ചരക്കുകൾ കൈകാര്യം ചെയ്യുന്ന കമ്പനികളുടെ ഷിപ്പുകൾക്ക് അനായാസം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സേവനങ്ങൾ ഉപയോഗിക്കുവാൻ സാധിക്കും. അതുകൊണ്ട് എംഎസ്സി കോൺസ്ബർഗ് പോലുള്ള ലോകത്തിലെ വമ്പിച്ച ചരക്ക്സേവന കമ്പനികൾക്ക് ആതിഥേയത്വം വഹിക്കാൻ തുറമുഖത്തിന് സാധിക്കും, ആയതിനാൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കേരളത്തിന്റെ തന്നെ ഒരു പ്രധാന ലോജിസ്റ്റിക് ഹബ്ബായി മാറുമെന്നത് സുനിശ്ചിതമാണ്. തുറമുഖം ഉള്ളതുകൊണ്ട്, കപ്പൽ നിർമ്മാണം, റിപ്പയർ, മെയിന്റനൻസ് മേഖലയിൽ സംരംഭങ്ങൾ സ്ഥാപിക്കാനുള്ള സാധ്യതകളും കൂടുതലാണ്. തുറമുഖം കേന്ദ്രീകരിച്ച് നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും. ഇത് മുന്നിൽ കണ്ടുകൊണ്ട്, മാരിടൈം, ലോജിസ്റ്റിക്സ് മുതലായ മേഖലകളെ സൺറൈസ് മേഖലകളായി സർക്കാരിന്റെ പുതിയ വ്യവസായ നയത്തിൽ ഉൾപെടുത്തിയിട്ടുണ്ട്. ആയതിനാൽ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഇളവുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് ലഭിക്കുന്നതാണ്. സർവീസ് മേഖലയിലെ തൊഴിലുകൾ, ഐ ടി ഇൻഡസ്ട്രിയുടെ സാന്നിധ്യം, വ്യാവസായിക സ്ഥാപനങ്ങൾ എന്നിവയിലൂടെ വ്യവസായ മേഖലയിൽ ഏറെ മാറ്റം പ്രതീക്ഷിക്കാം |

| | | | |
|---|---|---|---|
| | | | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വരുന്നതിന്റെ ഭാഗമായി കേരളത്തിൽ ലോജിസ്റ്റിക്സ് ഉൾപ്പെടെയുള്ള വ്യവസായങ്ങൾക്ക് വലിയ സാധ്യത ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ ഭാഗമായി ഒരു പുതിയ ലോജിസ്റ്റിസ്ക് പാർക്ക് നയം സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഈ നയപ്രകാരം സംസ്ഥാനത്തു ലോജിസ്റ്റിക്സ് പാർക്കുകളും മിനി പാർക്കുകളും പുതിയതായി സ്വകാര്യ മേഖലയിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇങ്ങനെ രൂപീകരിക്കുന്ന പാർക്കുകൾക്ക് നിരവധി ആനുകൂല്യങ്ങൾ ലോജിസ്റ്റിക്സ് പാർക്ക് നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ലോജിസ്റ്റിക്സ് പാർക്ക് അല്ലെങ്കിൽ മിനി-ലോജിസ്റ്റിക്സ് പാർക്ക് സ്ഥാപിക്കുന്നതിനായി ഭൂമിയുടെ ലീസ് കരാർ/വാങ്ങലിന് സ്റ്റാമ്പ് ഡ്യൂട്ടി & രജിസ്ട്രേഷൻ ചാർജുകളിൽ ഇളവ്, അർഹമായ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20%, ലോജിസ്റ്റിക്സ് പാർക്കിനായി പരമാവധി ₹7 കോടിയും മിനി-ലോജിസ്റ്റിക്സ് പാർക്കിനായി ₹3 കോടിയും വരെ നിക്ഷേപ സബ്സിഡി, തുടങ്ങി നിരവധി ആനുകൂല്യങ്ങൾ പുതിയ ലോജിസ്റ്റിക് പാർക്ക് നയത്തിൽ ഉൾപെടുത്തിയിട്ടുണ്ട്. അതുകൂടാതെ സംസ്ഥാന ലോജിസ്റ്റിക്സ് മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന ലോജിസ്റ്റിക്സ് സെൽ (പ്രിൻസിപ്പൽ സെക്രട്ടറി (ഇൻഡസ്ട്രീസ്) യുടെ നേതൃത്വത്തിൽ), നഗര ലോജിസ്റ്റിക്സ് കോർഡിനേഷൻ കമ്മിറ്റി മുതലായവ രൂപീകരിക്കുമെന്നും ലോജിസ്റ്റിക്സ് പാർക്ക് നയത്തിൽ പരാമർശിച്ചിട്ടുണ്ട്<br><br>കേരള സർക്കാരിന്റെ വ്യവസായ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE), തിരുവനന്തപുരത്ത് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (VISL) -ന് സമീപമുള്ള സ്ഥലത്ത് ഒരു ആധുനിക കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ (സി.എഫ്.എസ്) വെയർഹൗസ് വികസിപ്പിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ അനന്ത സാധ്യതകൾ കണക്കിലെടുത്ത് ഈ പ്രദേശത്ത് സ്ഥലം ഏറ്റെടുക്കുന്നതിന് കിൻഫ്ര ശ്രമിക്കുന്നുണ്ട്. അതിന്റെ ഭാഗമായി വെബ് സൈറ്റിൽ പരസ്യം നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| (ബി) | കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കയറ്റുമതി നയം രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കയറ്റുമതി ഒരു പ്രധാന പങ്ക് വഹിക്കുന്നു. അതിനാൽ, കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുമായി സമഗ്രമായ കയറ്റുമതി പ്രോത്സാഹന നയത്തിന്റെ കരട് രൂപീകരിച്ചിട്ടുണ്ട്. കയറ്റുമതി പ്രോത്സാഹന നയം സംസ്ഥാനത്തെ കയറ്റുമതികളുടെ മുഴവൻ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്താനുള്ള സർക്കാരിന്റെ പ്രതിബദ്ധതയെയാണ് പ്രതിഫലിപ്പിക്കുന്നത്. കേരളത്തിന്റെ പുതിയ കയറ്റുമതി പ്രോത്സാഹന നയം ബിസിനസുകളെ അവരുടെ അന്തർദേശീയ പ്രവർത്തനങ്ങളിൽ പിന്തുണയ്ക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്നു. ഈ നയത്തിന്റെ ലക്ഷ്യം കയറ്റുമതിയിൽ മത്സരക്ഷമത വർദ്ധിപ്പിക്കുകയും, വിപണിയുടെ വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുകയും, സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകുകയും, സംസ്ഥാനത്തെ സംബന്ധിക്കുന്ന വ്യാപാര നടപടികൾ ലളിതമാക്കുകയും, പുതുമയും കഴിവും വികസിപ്പിക്കാൻ പ്രോത്സാഹനം നൽകുകയും ചെയ്യുക എന്നതാണ്.<br><br>കയറ്റുമതിക്കാർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ച്, ഉന്നത നിലവാരമുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും കയറ്റുമതി ചെയ്യുന്ന ഒരു ആഗോള കേന്ദ്രമായി കേരളത്തെ മാറ്റുകയെന്നതാണ് ഈ നയത്തിന്റെ ലക്ഷ്യം. |
| (സി) | ചരക്കുനീക്കവുമായി ബന്ധപ്പെട്ട് ലോജിസ്റ്റിക് പാർക്കുകളും ലോജിസ്റ്റിക് ടൗണുകളും സ്ഥാപിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സർക്കാരിന്റെ പുതിയ ലോജിസ്റ്റിക്സ് പാർക്ക് നയം പ്രകാരം ചരക്കുനീക്കവുമായി ബന്ധപ്പെട്ട് ലോജിസ്റ്റിക് പാർക്കുകളും മിനി ലോജിസ്റ്റിക് പാർക്കുകളും സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ പാർക്കുകൾ സ്ഥാപിക്കുന്നതിനായി നിരവധി ആനുകൂല്യങ്ങളും നയത്തിൽ ഉൾപെടുത്തിയിട്ടുണ്ട്. ലോജിസ്റ്റിക്സ് പാർക്ക് അല്ലെങ്കിൽ മിനി-ലോജിസ്റ്റിക്സ് പാർക്ക് സ്ഥാപിക്കുന്നതിനായി ഭൂമിയുടെ ലീസ് കരാർ/ വാങ്ങലിന് സ്റ്റാമ്പ് ഡ്യൂട്ടി & രജിസ്ട്രേഷൻ ചാർജുകളിൽ ഇളവ്, അർഹമായ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20%, ലോജിസ്റ്റിക്സ് പാർക്കിനായി പരമാവധി ₹7 കോടിയും മിനി- ലോജിസ്റ്റിക്സ് പാർക്കിനായി ₹3 കോടിയും വരെ നിക്ഷേപ സബ്സിഡി തുടങ്ങിയവയാണ് ആനുകൂല്യങ്ങളിൽ ചിലത്. കൂടാതെ തുറമുഖ വികസനത്തിന് അനുബന്ധമായുള്ള സർക്കാർ പദ്ധതിയായ ഔട്ടർ റിംഗ് റോഡിന്റെ ഇരുവശവും ലഭ്യമായ അനുയോജ്യമായ സ്ഥലം ലാന്റ് പൂളിങ്ങിലൂടെ ഏറ്റെടുത്ത് ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ |

| | | | |
|---|---|---|---|
| | | | എന്ന പ്രത്യേക നിക്ഷേപ മേഖല വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. അവിടെ അനുയോജ്യമായ ഭൂമി ലഭിക്കുന്ന മുറയ്ക്ക് ലോജിസ്റ്റിക് പാർക്ക് സ്ഥാപിക്കുന്ന വിഷയം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ